"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ചെറുപ്ലശ്ശേരി നോർത്ത് മുസ്ലിം ലോവർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഹസീന.കെ ഫയൽ ചെയ്ത ഡബ്ല്യൂ. പി(സി ) നം. 27772/2021- ന്മേൽ ബഹുമാനപ്പെട്ട കേരള ഹൈകോടതി പുറപ്പെടുവിച്ച 06.12.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2213/2022/GEDN തീയതി,തിരുവനന്തപുരം, 02-04-2022

---

പരാമർശം:-

1. പാലക്കാട് ചെറുപ്ലശ്ശേരി നോർത്ത് മുസ്ലിം ലോവർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഹസീന.കെയുടെ 26/11/2021ലെ പുന: പരിശോധനാ ഹർജി(Ext P6).
2. ബഹു. കേരള ഹൈക്കോടതിയുടെ 06.12.2021-ലെ ഡബ്ല്യൂ . പി ( സി ) നം . 27772/2021 ന്മേലുള്ള വിധിന്യായം.
3. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/02/2022 ലെ ബി1/51/2022നമ്പർ കത്ത്.
4. ചെറുപ്ലശ്ശേരി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/02/2022 ലെ സി/37/2022 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ചെറുപ്ലശ്ശേരി നോർത്ത് മുസ്ലിം ലോവർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഹസീന.കെ ഫയൽ ചെയ്ത ഡബ്ല്യൂ. പി(സി ) നം. 27772/2021 ന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സമർപ്പിച്ച എക്സിബിറ്റ് P6 പരിശോധനാ ഹർജി(പരാമർശം 1) ഹർജിക്കാരിയെയും 5-ാം

എതിർ കക്ഷിയായ ടി സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് 1 -ാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 23.2.2022-ന് ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ കേട്ടു.

2. ഹർജിക്കാരിയുടെ വാദം ചുവടെചേർക്കുന്നു.

"റിവിഷൻ ഹർജിക്കാരി 05/01/2017 മുതൽ എൽ.പി.എസ്.എ ആയി നിയമിതയായി. ശ്രീമതി. പ്രേമകുമാരി.പി. സ്കൂളിലെ പ്രധാനധ്യാപികയായി സ്ഥാനകയറ്റം ലഭിച്ച തസ്തികയിലാണ് റിവിഷൻ ഹർജിക്കാരിയെ നിയമിച്ചത്. ചെർപ്പുള്ളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിവിഷൻ ഹർജിക്കാരിയുടെ നിയമനം 20/02/2017 ന് നിരസിച്ചു. നിരസിക്കുവാനുണ്ടായ മൂന്ന് കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. റിവിഷൻ ഹർജിക്കാരിയ്ക്ക് നിയമനം നൽകിയ മാനേജർക്ക് മാനേജരായി അംഗീകാരം ലഭിച്ചിട്ടില്ല.

2. ശ്രീമതി. പ്രേമകുമാരിയെ പ്രധാനധ്യാപികയാക്കി നിയമിച്ചുവെങ്കിലും അവർക്കും അംഗീകാരം പ്രധാനധ്യാപികയായി നൽകിയിട്ടില്ല ആകെയാൽ ശ്രീമതി. ഹസീനയ്ക്ക് സ്കൂളിൽ തുടരുവാൻ അംഗീകൃത വാക്കൻസിയില്ല.

3. നിയമനാംഗീകാരത്തിനുള്ള പ്രൊപ്പോസൽ നിയമാനുസൃതമല്ല.

റിവിഷൻ ഹർജിക്കാരുടെ നിയമനം അംഗീകരിക്കപ്പെടാതിരിക്കുവാനുള്ള തടസ്സം സ്കൂളിൽ അംഗീകൃത മാനേജർ ഇല്ലെന്നുള്ളതാണ്. പ്രസ്തുത കാരണം താഴെ പറയുന്ന കാരണങ്ങളാൽ നിലനിൽക്കുന്നതല്ല.

എ) റിവിഷൻ ഹർജിക്കാരിയെ നിയമിച്ചത് അംഗീകൃത മാനേജർ അല്ലെന്ന് ഡിപ്പാർട്ട്മെന്റ് പറഞ്ഞിട്ടില്ല.

ബി) നിയമനം നടത്തിയ മാനേജർ പിന്നീട് മാറുമ്പോൾ ആയത് നിയമനത്തെ ബാധിച്ചുകൂടാ എന്ന് വിദ്യാഭ്യാസ നിയമം അധ്യായം XIV A റൂൾ 9 വ്യക്തമാക്കുന്നു. “The appointment order shall not be affected by any change in the Educational Agency or the Manager”.

സി) 10/04/2012 ലെ സർക്കുലർ നം. 13402/ജെ2/2012 ൽ താഴെ പറയും പ്രകാരം

ഉത്തരവുള്ളതാകുന്നു. "The appointment of certain managers in Aided schools are pending for approval due to the management dispute, teachers appointed against the sanctioned post are to be approved if they are otherwise eligible for appointment. Even if approval of manager is pending due to the management dispute, such managers are to be provisionally approved as managers for the purpose of approving the teachers appointed by them".

മേൽ സർക്കുലർ പ്രകാരവും റിവിഷൻ ഹർജിക്കാരിയായ ശ്രീമതി. ഹസീന.കെ.യുടെ നിയമനം അംഗീകരിക്കുന്നതിന് നിയമ തടസ്സങ്ങളില്ല. മേൽ പ്രസ്താവിച്ച വസ്തുതകളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജിക്കാരിയായ ശ്രീമതി. ഹസീന.കെ.യുടെ നിയമനം 05/01/2017 മുതൽ റഗുലർ തസ്തികയിൽ അംഗീകരിച്ച് ഉത്തരവുണ്ടാകണമെന്ന് സവിനയം അപേക്ഷിക്കുന്നു."

3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ വാദം ചുവടെ ചേർക്കുന്നു.

" പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസ് പരിധിക്കു കീഴിലെ ചെർപ്പുളശ്ശേരി നോർത്ത് എ.എം.എൽ.പി സ്കൂളിലെ പ്രധാനാദ്ധ്യാപകനായിരുന്ന ശ്രീ.കെ.ശ്രീധരൻ 31/03/2016 ന് സർവ്വീസിൽ നിന്നും സ്വയമേവ വിരമിച്ച ഒഴിവിലേക്ക് എൽ.പി.എസ്.എ ആയിരുന്ന ശ്രീമതി. പി. പ്രേമകുമാരിക്ക് 01/04/2016 മുതൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേക്ക് 05/01/2017 മുതൽ എൽ.പി.എസ്.എ ആയി ശ്രീമതി. ഹസീനയെ മാനേജർ നിയമിച്ചിരുന്നു. വിദ്യാഭ്യാസ വകുപ്പ് അംഗീകരിക്കാത്ത മാനേജരാണ് നിയമനം നടത്തിയതെന്ന കാരണത്താലും ശ്രീമതി. പ്രേമകുമാരിയുടെ സ്ഥാനക്കയറ്റം ഈ ഓഫീസ് അംഗീകരിച്ചിട്ടില്ല എന്ന കാരണത്താലും നിയമന പ്രൊപ്പോസൽ പൂർണ്ണമല്ല എന്ന കാരണത്താലും 20/02/2017 ലെ കെ.ഡിസ്/സി/219/2017 എന്ന ഉത്തരവു പ്രകാരം ഈ കാര്യാലയം നിരസിച്ചുത്തരവായതാണ്. തുടർന്ന് മാനേജർ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് അപ്പീൽ സമർപ്പിച്ചിരുന്നെങ്കിലും ആയതും മേൽ കാരണങ്ങളാൽ തന്നെ നിരസിക്കുകയുണ്ടായി. തുടർന്ന് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് 23/10/2017 ന് അപ്പീൽ അപേക്ഷ സമർപ്പിച്ചതിനെതുടർന്ന് മാനേജരുടെ നിയമനം അംഗീകരിക്കപ്പെടുന്ന മുറയ്ക്ക്

ശ്രീമതി. ഹസീനയുടെ നിയമനം മറ്റവിധത്തിൽ യോഗ്യമെങ്കിൽ അംഗീകരിച്ച നൽകാൻ നിർദ്ദേശിച്ചത്തരവാകുകയാണ് ഉണ്ടായത്. ശ്രീമതി. പി.പ്രേമകുമാരിയുടെ പ്രധാനാദ്ധ്യാപിക തസ്തികയിലുള്ള നിയമനം ഈ കാര്യാലയം നിയമന തീയ്യതിയിൽ അംഗീകരിച്ച് നൽകിയതിനാൽ ശ്രീമതി. ഹസീനയ്ക്ക് നിയമനം നൽകാവുന്ന തസ്തിക നിലവിലുണ്ട്. എന്നാൽ ടി സ്കൂളിൽ മാനേജ്മെന്റ് തർക്കം ഇപ്പോഴും തുടരുന്നതിനാൽ മാനേജ്മെന്റിന് അംഗീകാരം ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി. ഹസീന.കെയ്ക്ക് എൽ.പി.എസ്.എ തസ്തികയിൽ നിയമനാംഗീകാരം അംഗീകൃത മാനേജരുടെ അഭാവവും പൂർണ്ണരൂപത്തിലുള്ള നിയമന പ്രൊപ്പോസൽ സമർപ്പിക്കാത്തതിനാലും നൽകാൻ കഴിയില്ലെന്ന് റിപ്പോർട്ട് ചെയ്യുന്നു."

4. സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽപരിശോധിച്ചു. വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടും ഹിയറിങ് സമയത്തെ വാദവും പ്രകാരം ഹർജിക്കാരിയുടെ നിയമനത്തിന് അംഗീകാരം നൽകുന്നതിന് ഒരേയൊരു തട സ്സം മാത്രമേ നിലനിൽക്കുന്നുള്ളൂ.5വർഷമായി സ്കൂളിന് മാനേജർ ഇല്ല. യാതൊരു വ്യക്തിയും മാന േജരാകണമെന്ന ആവശ്യമുന്നയിച്ച് മുന്നോട്ടു വന്നിട്ടില്ല. 5.1.2017ന് നിയമനം നടത്തിയത് അംഗീകൃത മാനേജരല്ല എന്നിവയാണ് അനുബന്ധ തടസ്സ വാദങ്ങൾ. ഇക്കാര്യം പരിശോധിക്കുമ്പോൾ,നിയമിക്കപ്പെട്ട ഒഴിവ് വ്യവസ്ഥാപിതമാണെന്നും ഹർജിക്കാരി പ്രസ്തുത തസ്തികയ്ക്ക് ആവശ്യമായ നിർദ്ദിഷ്ട യോഗ്യത ഉള്ള വ്യക്തിയാണെന്നും വരുകിൽ കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങാതെ നോക്കിയതിന് പ്രസ്തുത നിയമനം സാധൂകരിക്കത്തക്കതാണെന്നു കാണുന്നു. ഒഴിവ് വ്യവസ്ഥാപിതമാണെന്നും ഹർജിക്കാരി പ്രസ്തുത തസ്തികയ്ക്ക് ആവശ്യമായ നിർദ്ദിഷ്ട യോഗ്യത ഉള്ള വ്യക്തിയാണെന്നും ഉള്ള കാര്യത്തിൽ വിദ്യാഭ്യാസ ഓഫീസർക്ക് എതിരഭിപ്രായമില്ല. അതുകൊ ണ്ട്, ചട്ടപ്രകാരമുള്ള മറ്റ് അവകാശികൾ ഇല്ലെന്നുംഹർജിക്കാരി ജോലിയെടുത്തിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം ഹർജിക്കാരിയുടെ 5.1.2017 മുതലുള്ള നിയമനം നൽകിയ വ്യക്തിയെ 13402/J2/2012/ GEdn. Dt. 10.04.2012 സർക്കുലർ ലെ വ്യവസ്ഥകൾ പ്രകാരം താൽക്കാലിക മാനേജരായി കണക്കിലെടുത്തുകൊണ്ട് ഹർജിക്കാരിയുടെ നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിന് ചെറുപ്പുളശ്ശേരി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക്

നിർദ്ദേശം നല്കി പാലക്കാട് ചെറുപ്പുളശ്ശേരി നോർത്ത് മുസ്ലിം ലോവർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഹസീന.കെയുടെ പരാമർശം 1(Ext P6) പുന: പരിശോധനാ ഹർജി തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 കോടതി വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് ജില്ല .

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെറുപ്പുളശ്ശേരി, പാലക്കാട് ജില്ല.

മാനേജർ, മുസ്ലിം ലോവർ പ്രൈമറി സ്കൂൾ,

ചെറുപ്പുളശ്ശേരി നോർത്ത്, പാലക്കാട്.

ശ്രീമതി. ഹസീന.കെ, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,

മുസ്ലിം ലോവർ പ്രൈമറി സ്കൂൾ, ചെറുപ്പുളശ്ശേരി നോർത്ത്, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**
**Date: 04-04-2022 10:32:16**

സെക്ഷൻ ഓഫീസർ